ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A10- ക്രിസ്തീയ ജീവിതം

## പാഠം 1 - ഉറപ്പായിരിക്കുക

**വായനഭാഗം:**

**യോഹന്നാൻ 10: 27–30, 1 യോഹന്നാൻ 5: 11–21**

**താക്കോൽ വാക്യം:**

**"ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ."**
യോഹന്നാൻ 5:13

അതിനാൽ, നിങ്ങൾ ഒരു ക്രിസ്ത്യാനിയാണ് നിങ്ങൾക്ക് അതിന് ഉറപ്പുണ്ടോ? എങ്ങനെ ഉറപ്പിക്കാം? ദൈവത്തിന്റെ പ്രവൃത്തിയെ തകിടം മറിക്കാൻ എപ്പോഴും ശ്രമിക്കുന്ന പിശാച്, നാം ക്രിസ്ത്യാനികളാണെന്ന വസ്തുതയെ സംശയിപ്പിക്കാൻ ശ്രമിക്കും. അവൻ ഇങ്ങനെ പറഞ്ഞേക്കാം, 'നിങ്ങൾ സ്വർഗത്തിലേക്ക് പോകുന്നുവെന്ന് കരുതി എത്ര അഹങ്കരിക്കുന്നു! ദൈവം നിങ്ങളെ അനുവദിക്കുന്നതിനുമുമ്പ് നിങ്ങളുടെ ജീവിതകാലം മുഴുവൻ നിങ്ങൾ അതിനായി കഠിനമായി പരിശ്രമിക്കേണ്ടിവരും! അല്ലെങ്കിൽ അവൻ പറയും, 'നീ ഒരു പാപി ആണ്. ഇന്ന് രാവിലെ നീ പാപം ചെയ്തു. ദൈവം നിങ്ങളെ സ്വർഗത്തിലേക്ക് പോകാൻ അനുവദിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? ഇതുപോലുള്ള സംശയങ്ങൾ ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതിലേക്ക് നമ്മെ നയിച്ചേക്കാം: 'ഒരിക്കൽ നാം ഒരു ക്രിസ്ത്യാനി ആയാൽ നാം എപ്പോഴും ഒരു ക്രിസ്ത്യാനിയാണോ?', അല്ലെങ്കിൽ 'ഞാൻ പാപം ചെയ്യുകയോ അല്ലെങ്കിൽ എന്റെ വിശ്വാസത്തിൽ നിന്ന് അലഞ്ഞുതിരിയുകയോ ചെയ്താൽ എനിക്ക് എന്റെ രക്ഷ നഷ്ടപ്പെടുമോ?'

എന്നിരുന്നാലും, പിശാച് നമ്മുടെ മനസ്സിൽ ഇത്തരം സംശയങ്ങൾ വിതച്ച് നാം വഞ്ചിതരാകരുത്. ദൈവവചനമാകുന്ന ബൈബിളാണ് നമുക്ക് പ്രമാണമായിട്ടുള്ളത്. ***1 യോഹന്നാൻ 5:12***ൽ ഒരു ക്രിസ്ത്യാനിക്ക് ലഭിക്കാവുന്ന വിജയവും ഉറപ്പും നാം കാണുന്നു, ***'പുത്രനുള്ളവന്നു ജീവൻ ഉണ്ടു'*** ;നമുക്ക് ജീവൻ ഉണ്ടെന്ന് എങ്ങനെ ഉറപ്പിക്കാം? ദൈവ പുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടെന്ന് ഉറപ്പുണ്ടായിരിക്കാൻ കഴിയുമെന്ന, താക്കോൽ വാക്യത്തിൽ നൽകിയിരിക്കുന്ന ദൈവത്തിന്റെ വാഗ്ദാനത്തിൽ നാം ആശ്രയിക്കണം. നാം നമ്മുടെ വികാരങ്ങളെ ആശ്രയിക്കരുത്. സാഹചര്യങ്ങൾക്കനുസരിച്ച് ഇവ വ്യത്യാസപ്പെടും. നമ്മുടെ വിശ്വാസം ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദാനങ്ങളിലായിരിക്കണം. തന്നിൽ വിശ്വസിക്കുന്നവർക്ക് യേശു തന്നെ ഉറപ്പുനൽകുന്നു: ***'ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല..'*** *(യോഹന്നാൻ 10:28)* നിത്യജീവൻ അത് നിത്യമാണ്. ദൈവത്തിന്റെ ദാനമായ രക്ഷ നിങ്ങളിൽ നിന്ന് എടുത്തുകളയുവാൻ ആർക്കുമാവില്ല. *(റോമർ 8: 38 – 39* കാണുക)


THE GOSPEL ACCORDING TO JOHN
യോഹന്നാൻ എഴുതിയ
സുവിശേഷം

***1 യോഹന്നാൻ 5 – ാം*** അദ്ധ്യായത്തിൽ നമുക്ക് നിത്യജീവൻ ഉണ്ടെന്നുള്ള വസ്തുതയോടൊപ്പം ***നമുക്ക് അറിയാൻ*** കഴിയുന്ന മറ്റ് കാര്യങ്ങളുമുണ്ട് .



1. ***14ഉം 15ഉം വാക്യങ്ങൾ*** നമ്മോട് പറയുന്നത് നാം പ്രാർത്ഥിക്കുമ്പോൾ ചില കാര്യങ്ങൾ അറിയാൻ കഴിയുന്നു എന്നാണ്. നാം ദൈവത്തോട് സംസാരിക്കുകയും അവന്റെ ഇഷ്ടവും ആഗ്രഹവുമുള്ള ഒരു കാര്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, അവൻ നമ്മുടെ പ്രാർത്ഥന കേൾക്കുകയും അതിന് ഉത്തരം നൽകുകയും ചെയ്യുമെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കാനാകും. അവന്റെ വചനം വായിച്ചുകൊണ്ട് നമുക്ക് ദൈവഹിതം കണ്ടെത്താനാകും, തുടർന്ന് അതിനനുസരിച്ച് നമുക്ക് പ്രാർത്ഥിക്കാൻ സാധിക്കും.

2. *വാക്യം 18* പ്രസ്താവിക്കുന്നത്: ***'ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു;'*** നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നമ്മെത്തന്നെ പ്രസാദിപ്പിക്കാനാണ് ജീവിച്ചിരുന്നത്, എന്നാൽ രക്ഷിക്കപ്പെടുമ്പോൾ നാം ***'പുതിയ സൃഷ്ടികൾ'*** ആയിത്തീരുന്നു, പാപവും ദുശ്ശീലങ്ങളും ഉപേക്ഷിച്ചവരും ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവരുമാണ്. എന്നിരുന്നാലും, ക്രിസ്ത്യാനി പരിപൂർണ്ണനല്ല നാം കാലാകാലങ്ങളിൽ പാപം ചെയ്യുന്നു. അതുകൊണ്ട് നമ്മൾ ഇനി ക്രിസ്ത്യാനികളല്ല എന്നല്ല ഇതിനർത്ഥം, എന്നാൽ നമ്മുടെ പാപം ദൈവത്തോട് ഏറ്റുപറഞ്ഞ് അതിൽ നിന്ന് പിന്തിരിയണം എന്നാണ് ഇതിനർത്ഥം. ***(1 യോഹന്നാൻ 1:9 കാണുക)***

3. ***19 – ാം വാക്യം*** നമ്മോട് പറയുന്നത്. ***'നാം ദൈവത്തിൽ നിന്നുള്ളവരാണെന്ന് നമ്മൾക്കറിയാം'*** എന്നാണ്. വീണ്ടും ജനിച്ച ക്രിസ്ത്യാനികൾ ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമാണ്. ***യോഹന്നാൻ 1: 12*** കാണുക. നാം ദൈവത്തിന്റെ മക്കളാണ്, അവന്റെ നിയന്ത്രണത്തിലാണ്, ദുഷ്ടന്റെ ആക്രമണങ്ങളെ തരണം ചെയ്യാൻ അവൻ നമ്മെ സഹായിക്കും.

4. ***20 – ാം വാക്യം*** നമ്മെ ഓർമ്മിപ്പിക്കുന്നത്. ***'ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു;'*** ദൈവം ഈ ലോകത്തിലേക്ക് വന്നത് യേശുവിന്റെ വ്യക്തിത്വത്തിൽ ആണെന്നും നമുക്ക് മുമ്പ് ഇല്ലാത്ത ഒരു ധാരണ നമുക്ക് നൽകിയിട്ടുണ്ടെന്നും നമുക്ക് ഉറപ്പുണ്ട്. ഈ പുതിയ ധാരണയിലൂടെ നമുക്ക് ദൈവത്തെയും അവന്റെ പുത്രനെയും യഥാർത്ഥ രീതിയിൽ അറിയാൻ കഴിയും. നാം അവരെ അറിയുമ്പോൾ, ദൈവത്തിന്റെയും നിത്യ ജീവന്റെയും യാഥാർത്ഥ്യത്തെ നാം കൂടുതൽ കൂടുതൽ അനുഭവിച്ചറിയുകയാണ്.

അതിനാൽ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്ക് സംശയിക്കേണ്ട ആവശ്യമില്ല, നമുക്ക് ഉറപ്പുമുള്ളവരായിരിക്കാൻ കഴിയും. ക്രിസ്ത്യാനി ദൈവവചനത്തിൽ വിശ്വസിക്കുന്നു, മാറിയ ജീവിതമുണ്ട്, തനിക്ക് നിത്യജീവനുണ്ടെന്ന് അറിയാം, പ്രാർത്ഥനയുടെ ശക്തിയും പാപത്തിൽ നിന്നുള്ള സംരക്ഷണവും സത്യവും ജീവനുള്ളതുമായ ദൈവത്തിന്റെ കൂട്ടായ്മയെക്കുറിച്ചും അറിയാം. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ബൈബിളിന്റെ വിശ്വാസ്യതയുടെയും പ്രസക്തിയുടെയും തെളിവാണ്. മാറിയ ജീവിതം ബൈബിൾ സജീവവും ശക്തവുമാണെന്നതിന്റെ ശക്തമായ തെളിവാണ്.

**ക്രിസ്തീയ ജീവിതം എന്ന പാഠത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ഇത് അഞ്ചാമത്തേത്.**

# A10- ക്രിസ്തീയ ജീവിതം

## പാഠം 2 - ദൈവത്തെ സേവിക്കുക

**വായനഭാഗം:**
**റോമർ 12: 9–13**

**താക്കോൽ വാക്യം:**

**"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ"**

റോമർ 12:1

അടുത്ത മൂന്ന് പഠനങ്ങളിൽ നമ്മൾ പരിശോധിക്കുവാൻ പോകുന്നത് ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ജീവിതം എങ്ങനെ ഉപയോഗിക്കണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത് എന്നതിനെക്കുറിച്ചാണ്. രക്ഷിക്കപ്പെടുക എന്നത് കേവലം സ്വർഗ്ഗത്തിലേക്കുള്ള പാസ്പോർട്ട് മാത്രമല്ല. A7 പാഠം1 ൽ, യേശു നമ്മുടെ രക്ഷകനും കർത്താവും ആണെന്ന് നമ്മൾ മനസ്സിലാക്കി. ഇത് എല്ലാ ദിവസവും നമ്മുടെ ജീവിതത്തിൽ ബാധകമാക്കണം.

പുതിയ നിയമത്തിലെ പല ലേഖനങ്ങളും എഴുത്തുകാരൻ സ്വയം ഒരു ദാസനായി തിരിച്ചറിയുന്നതോടെയാണ് ആരംഭിക്കുന്നത്. *(റോമർ 1:1; തീത്തോസ് 1:1; യാക്കോബ് 1:1)* എന്നിരുന്നാലും, ദൈവദാസന്മാർ കേവലം സഭാ നേതാക്കന്മാരോ ക്രിസ്തീയ വേലയിൽ ജോലിയുള്ളവരോ അല്ല. മറിച്ച്, എല്ലാ ക്രിസ്ത്യാനികളും ***"ജീവനുള്ള ദൈവത്തെ സേവിക്കുന്നതിനായി നിർജ്ജീവ പ്രവൃത്തികളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടവരാണ്" (എബ്രായർ 9:14)***

ദൈവം നമുക്കോരോരുത്തർക്കും വേണ്ടി എത്രമാത്രം ചെയ്തിട്ടുണ്ടെന്ന് ചിന്തിക്കുക. നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ ജീവൻ ബലിയർപ്പിച്ചപ്പോൾ ക്രിസ്തു തന്റെ ശരീരം ആണ് അർപ്പിച്ചത് . അവന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നതിനു വേണ്ടി നമ്മുടെ ശരീരങ്ങൾ ദൈവത്തിന് സമർപ്പിക്കേണ്ടത് നമ്മുടെ ഏറ്റവും മികച്ചതും വ്യക്തവുമായ പ്രതികരണമാണെന്ന് താക്കോൽ വാക്യം വിശദീകരിക്കുന്നത്. നാം അവനെ ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു മാർഗമാണ് സേവിക്കാനുള്ള നമ്മുടെ സന്നദ്ധത.

സേവനത്തിൽ തീർച്ചയായും സഭാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും ഉപയോഗപ്പെടുന്നതും ഉൾപ്പെടുന്നു, എന്നാൽ ഇത് അതിലും വലിയതാണ്. ഒരു ദാസൻ തന്റെ യജമാനന്റെ കാര്യങ്ങളിൽ പൂർണ്ണമായും ശ്രദ്ധാലുവാകുന്നതുപോലെ, ദൈവത്തിന്റെ സ്നേഹവും നമ്മുടെ ജീവിതത്തോടുള്ള അവന്റെ അവകാശവും അതിനെ പ്രചോദിപ്പിക്കുന്നു.



ഒരു ദാസൻ എന്നതിന്റെ അർത്ഥമെന്താണെന്ന് കൂടുതൽ മനസ്സിലാക്കാൻ, കർത്താവായ യേശുവിന്റെ പൂർണ്ണ ദാസനെന്ന നിലയിലുള്ള സവിശേഷതകൾ നോക്കാം:

### 1. അവന്റെ അനുസരണം

യേശു തന്റെ പിതാവിനെക്കുറിച്ച് പറഞ്ഞു, ***"ഞാൻ എല്ലായ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല"*** *(യോഹന്നാൻ 8:29)* അതിന്റെ അർത്ഥം അവൻ ***'മരണത്തോളം അനുസരണമുള്ളവനായിരുന്നു...'*** എന്നാണ്. *(ഫിലിപ്പിയർ 2:8)*

### 2. അവന്റെ വിനയം

അനുസരണമുള്ളവനായിരിക്കുന്നതിൽ വിനയം ഉൾപ്പെട്ടിരുന്നു. പ്രപഞ്ചത്തെ സൃഷ്ടിച്ച കർത്താവായ യേശു ഭൂമിയിൽ വന്ന് ഒരു ദാസന്റെ ജോലി ചെയ്യാൻ തയ്യാറായിരുന്നു. *മർക്കോസ് 10:45* പറയുന്നു ***'മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിപ്പാനാണ്...'.*** ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്ന പ്രവൃത്തി ചെയ്തതിൽ *(യോഹന്നാൻ 13: 35)* എങ്ങനെ ആണ് അവൻ നമുക്കു വേണ്ടി തന്റെ ജീവൻ നൽകുവാൻ പോകുന്നത് എന്ന് കാണിച്ചു തരുവാൻ കൂടി ആയിരുന്നു .

### 3. അവന്റെ അനുകമ്പ

തന്റെ സേവന ജീവിതത്തിൽ പുരുഷാരത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് നിറവേറ്റിക്കൊണ്ട് യേശു അവരോട് തന്റെ സ്നേഹം കാണിച്ചു. അവനെ സംബന്ധിച്ചിടത്തോളം പുരുഷാരം ***'ഇടയനില്ലാത്ത ആടുകളെപ്പോലെ'*** ആയിരുന്നു. *(മത്തായി 9:36)* രോഗികളോടും ദുഃഖിതരോടും വിശക്കുന്നവരോടും എല്ലാവരോടും അവന് അനുകമ്പ തോന്നി.

### 4. അവന്റെ പിതാവിന്റെ മഹത്വം

ഒരു ദാസൻ എന്ന നിലയിൽ, യേശുവിന്റെ ആത്യന്തിക ലക്ഷ്യം എപ്പോഴും അവന്റെ പിതാവിനെ മഹത്വപ്പെടുത്തുക എന്നതായിരുന്നു. അവന്റെ കുരിശും പാപികൾ പാപത്തിൽ നിന്ന് രക്ഷിക്കപ്പെടുന്നതിന്റെ ഫലവും അവൻ മുൻകൂട്ടി കണ്ടപ്പോൾ, അതിന്റെ ഫലം ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് അവനറിയാമായിരുന്നു. *(യോഹന്നാൻ 12:27 – 28; യോഹന്നാൻ 17:1)*

ഒരു ദാസൻ എന്ന നിലയിൽ കർത്താവായ യേശുവിന്റെ മാതൃകയിൽനിന്ന് നമുക്ക് പഠിക്കുവാൻ ഏറെയുണ്ട്. നിങ്ങൾ അനുസരണമുള്ളവരായിരിക്കാനും നിങ്ങളുടെ താൽപര്യങ്ങളെക്കാൾ അവന്റെ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ദൈവം പ്രതീക്ഷിക്കുന്നു. മറ്റുള്ളവരോട് ദൈവസ്നേഹം പ്രകടിപ്പിക്കുന്നതിനും സുവിശേഷത്തിന്റെ സുവാർത്ത പങ്കുവെക്കുന്നതിനുമുള്ള അവസരങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും കാണുന്ന ക്രിസ്തു നമ്മിൽ ജീവിക്കുന്നതിന്റെ പ്രകടനമാണ് ക്രിസ്തീയ സേവനം. ഇത് ദൈവത്തിന് മഹത്വം കൊണ്ടുവരാനുള്ള ഒരു മാർഗമായിരിക്കും.

ബൈബിളിലെ മറ്റുള്ളവരുടെ സേവനത്തിന്റെ ഉദാഹരണങ്ങളിൽ നിന്നും ക്രിസ്ത്യാനികളുടെ സമീപകാല ജീവിത കഥകളിൽ നിന്നും നമുക്ക് പഠിക്കുവാൻ കഴിയും. ***പ്രവൃത്തികൾ 3: 1 – 10***ൽ പത്രോസും യോഹന്നാനും ദിവസേന പ്രാർത്ഥനയ്ക്കായി ദൈവാലയത്തിലേക്ക് പോകുമ്പോൾ, അവർക്ക് ശുശ്രൂഷ ചെയ്യാൻ അവസരം ലഭിച്ചു.

ഇനിപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

* പത്രോസും യോഹന്നാനും ഒരാളെ കണ്ട് അവന്റെ ആവശ്യം മനസ്സിലാക്കി. *(വാക്യങ്ങൾ 3, 4)*
* അവർക്ക് സ്വയം സഹായിക്കാൻ കഴിഞ്ഞില്ല, എന്നാൽ സഹായിക്കാൻ കഴിയുന്ന യേശുവിലേക്ക് അവർ അവനെ ചൂണ്ടിക്കാണിച്ചു. *(വാക്യങ്ങൾ 5, 6)*
* അന്തിമഫലം ദൈവത്തിന് സ്തുതിയും മഹത്വവും കൊണ്ടുവന്നു *(വാക്യങ്ങൾ 8 – 10)*

പത്രോസും യോഹന്നാനും അവർ ആയിരുന്ന സ്ഥലത്ത് ദൈവത്തെ സേവിച്ചു. അതുപോലെ, ഓരോ ദിവസവും, ദൈവം ആവശ്യമുള്ള ആളുകളുമായി നമ്മളെ ബന്ധപ്പെടുത്തും. ദൈവമാണ് നാം സേവിക്കുന്ന ശക്തിയുടെ ഉറവിടം നമ്മളല്ല . *(ഫിലിപ്പിയർ 4:13)* നമ്മുടെ സേവനം ഈ ജീവിതത്തിൽ സന്തോഷം നൽകുന്നു, എന്നാൽ നമുക്ക് ഭാവിയിൽ ഒരു പ്രതിഫലം ഉണ്ടാകുമെന്നും നമുക്ക് ഉറപ്പുണ്ടായിരിക്കാൻ കഴിയും ***'എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷചെയ്യുന്നവനെ പിതാവു മാനിക്കും..'*** (യോഹന്നാൻ 12:26)

**ക്രിസ്തീയ ജീവിതം എന്ന പാഠത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ഇത് അഞ്ചാമത്തേത്.**

# ഉത്തരക്കടലാസ്

## A10- ക്രിസ്തീയ ജീവിതം

### പാഠം 1 - ഉറപ്പായിരിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______________________

**വിലാസം:** ______________________

**1. *1 യോഹന്നാൻ 5–ാം* അദ്ധ്യായത്തിലെ ഈ വാക്യങ്ങളിൽ നിന്ന് നമുക്ക് അറിയുന്നു എന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ എഴുതി പൂർത്തിയാക്കുക**

A) *'ദൈവ പുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു'* ______________________ *(വാക്യം 13)*

B) *'അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ ലഭിച്ചു എന്നും അറിയുന്നു.'* ______________________ *(വാക്യം 15)*

C) *'പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു;'* ______________________ *(വാക്യം 18)*

D) *'നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു;* ______________________ *(വാക്യം 20)*

/ 5

**2. *1 യോഹന്നാൻ 5: 11 – 12* വീണ്ടും വായിച്ച് ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ എഴുതുക?**

A) ആരാണ് നമുക്ക് നിത്യജീവൻ നൽകിയത്? ______________________

B) ഈ ജീവിതം എവിടെ നിന്ന് വരുന്നു? ______________________

C) ആർക്കാണ് നിത്യജീവൻ ഉള്ളത്? ______________________

D) ആർക്കാണ് നിത്യജീവൻ ഇല്ലാത്തത്? ______________________

/ 4

**3. താഴെയുള്ള വാക്യങ്ങൾ വായിച്ച് ഓരോ വാക്യത്തിൽ നിന്നും ദൈവം തന്നിൽ വിശ്വസിക്കുന്നവർക്ക് എന്താണ് വാഗ്ദാനം ചെയ്യുന്നത് എന്ന് ചുരുക്കമായി വിശദീകരിക്കുക:**

a) ***യോഹന്നാൻ** 1:12* ______________________

b) ***യോഹന്നാൻ** 3:16* ______________________

c) ***യോഹന്നാൻ** 5:24* ______________________

d) ***യോഹന്നാൻ** 6:37* ______________________

e) ***യോഹന്നാൻ** 10:28* ______________________

/ 10

**4. ശരിയോ തെറ്റോ എന്ന് ഉത്തരം നൽകുക:**

a) ക്രിസ്ത്യാനികൾക്ക് തങ്ങൾ സ്വർഗത്തിലേക്ക് പോകുന്നുവെന്ന് ഉറപ്പുണ്ടായിരിക്കാൻ കഴിയും. ________

b) നമ്മുടെ രക്ഷയെക്കുറിച്ച് ഉറപ്പുനൽകാൻ നമുക്ക് നമ്മുടെ വികാരങ്ങളെ ആശ്രയിക്കാം. ________

c) ക്രിസ്ത്യാനികൾക്ക് അവന്റെ വചനത്തിൽ കാണുന്ന ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കാൻ കഴിയും. ________

d) ഒരു ക്രിസ്ത്യാനി ഒരിക്കലും പാപം ചെയ്യുന്നില്ല. ________

e) ഒരു ക്രിസ്ത്യാനി പാപം ചെയ്യുവാൻ പോകുന്നില്ല. ________

f) ഒരു ക്രിസ്ത്യാനിക്ക് ദൈവത്തെ യഥാർത്ഥ രീതിയിൽ അറിയാൻ കഴിയും, കാരണം അവൻ ദൈവപുത്രനിൽ വിശ്വസിച്ചപ്പോൾ ദൈവം അവന് ഒരു വിവേകം നൽകി. ________

/ 6

**ചിന്തിക്കുക:** കർത്താവായ യേശുവിൽ നമുക്കുള്ള സുരക്ഷിതത്വത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്ന ***യോഹന്നാൻ** 10:28* മനഃപാഠമാക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതിലൂടെ പല ക്രിസ്ത്യാനികളും തങ്ങളുടെ വിശ്വാസത്തിൽ യഥാർത്ഥ ഉറപ്പ് കണ്ടെത്തുന്നു. ഈ വാക്യം നമുക്കും മനഃപാഠമാക്കാൻ കുറച്ച് സമയമെടുത്താലോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A10- ക്രിസ്തീയ ജീവിതം

### പാഠം 2 - ദൈവത്തെ സേവിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **ഒരു ക്രിസ്ത്യാനി ദൈവത്തെ സേവിക്കുന്നതിന്റെ മികച്ച പ്രതികരണമായിരിക്കുന്നത് എന്താണെന്ന് വിശദീകരിക്കുക? *റോമർ 12::1* വായിക്കുക** ______ / 2

2. **ദാസനെന്ന് സ്വയം വിശേഷിപ്പിച്ച രണ്ട് എഴുത്തുകാരുടെ പേരുകൾ കണ്ടെത്തുവാൻ *റോമർ 1: 2 ,തീത്തോസ് 1:3, യാക്കോബ് 1: 1* എന്നിവ വായിക്കുക** ______ / 2

3. **കർത്താവായ യേശു ഒരു ദാസൻ എന്ന നിലയിൽ എങ്ങനെ അനുസരണമുള്ളവനായിരുന്നു?** ______ / 2

4. **യോഹന്നാൻ 13: 35 വായിച്ച് യേശു വിനയം കാണിച്ചത് എങ്ങനെയെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.** ______ /4

5. **ഓരോ പ്രസ്താവനയ്ക്കും സമീപം ശരിയോ തെറ്റോ എന്നെഴുതുക:**

   a) സേവനം ചെയ്യുന്നത് നമ്മുടെ സഭാ നേതൃത്വങ്ങളെ പ്രീതിപ്പെടുത്തുവാനാണ്. ______

   b) ദൈവദാസന്മാരിൽ ഒരാളാകാൻ നിങ്ങൾ ഒരു ക്രിസ്തീയ വേലക്കാരൻ ആകണം. ______

   c) ഓരോ ദിവസവും നിങ്ങൾ സ്വയം കണ്ടെത്തുന്ന സ്ഥലങ്ങളിൽ നിങ്ങൾക്ക് ദൈവത്തെ സേവിക്കാം. ______

   d) ക്രിസ്തീയ വേലക്കാർ തങ്ങളുടെ താത്പര്യങ്ങളെക്കാൾ ദൈവത്തിന്റെ താത്പര്യങ്ങൾക്കു പ്രാധാന്യം നൽകുന്നു. ______

   e) ക്രിസ്ത്യാനികൾ ദൈവത്തെ സേവിക്കാൻ സ്വന്തം ശക്തിയിൽ ആശ്രയിക്കുന്നു. ______

   f) പിതാവായ ദൈവം തന്നെ സേവിക്കുന്ന ആരെയും ബഹുമാനിക്കും. ______ / 6

6 **ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ *(റോമർ 12: 9–13)* വായിക്കുക**

   a) നമ്മൾ എങ്ങനെ സേവിക്കും? *(വാക്യം11)* ______

   b) ***13 –ാം വാക്യത്തിൽ*** ഏത് രണ്ട് ശുശ്രൂഷാ രീതികളാണ് പരാമർശിച്ചിരിക്കുന്നത്? ______ / 3

7. ***പ്രവൃത്തികൾ 3: 1–10* വായിച്ച് ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

   a) പത്രോസും യോഹന്നാനും എവിടേക്കാണ് പോകുന്നത്? ______

   b) അവർ കണ്ടുമുട്ടിയ ആളുടെ പ്രശ്നം എന്തായിരുന്നു? ______

   c) പത്രോസിനും യോഹന്നാനും അവന് എന്ത് നൽകുവാൻ കഴിയില്ല? ______

   d) ആരുടെ പേരിലാണ് മനുഷ്യൻ സുഖം പ്രാപിച്ചത്? ______

   d) ഏതെല്ലാം വിധങ്ങളിൽ ആണ് രോഗശാന്തി ലഭിച്ച വ്യക്തി ദൈവത്തെ മഹത്വപ്പെടുത്തിയത്? *(വാക്യങ്ങൾ 8–10)* ______ / 6

**ചിന്തിക്കുക:** ***റോമർ 12: 1*** ൽ പൗലോസ് ഉന്നയിക്കുന്ന അഭ്യർത്ഥനയെക്കുറിച്ച് ചിന്തിക്കുക. നിങ്ങളോട് കാണിച്ചിരിക്കുന്ന '***ദൈവത്തിന്റെ മനസ്സലിവിന്റെ***' വെളിച്ചത്തിൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A10- ക്രിസ്തീയ ജീവിതം

### പാഠം 3 - സൽപ്രവർത്തികൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***യാക്കോബ് 2: 14–24* വായിച്ച് ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

A) ഒരു ക്രിസ്ത്യാനിക്ക് പ്രവൃത്തികളില്ലാതെ വിശ്വാസം സാധ്യമാണോ?

B) *15 – ാം വാക്യത്തിൽ* പറഞ്ഞിരിക്കുന്ന സഹോദരനോ സഹോദരിക്കോ വേണ്ടി ഒരു ക്രിസ്ത്യാനി എന്തെല്ലാം നല്ല പ്രവൃത്തികൾ ചെയ്യണം?

C) തന്റെ വിശ്വാസം സജീവമാണെന്ന് തെളിയിക്കാൻ അബ്രഹാം എന്താണ് ചെയ്തത്?

D) അബ്രഹാം വിശ്വാസവും പ്രവൃത്തിയും ഒരുമിച്ച് പ്രകടമാക്കിയെന്ന് പറയുന്ന വാക്യം എഴുതുക

/ 5

2. **ഈ റഫറൻസുകൾ നോക്കി നല്ല പ്രവൃത്തികളെക്കുറിച്ച് അവർ നമ്മളോട് പറയുന്നവയുമായി അവയെ ബന്ധിപ്പിക്കുക.**

| | |
|---|---|
| *തീത്തോസ് 2:7* | ദൈവജനം നന്മ ചെയ്യാൻ ഉത്സുകരാണ്. |
| *തീത്തോസ് 2:14* | നന്മ ചെയ്തുകൊണ്ട് ഒരു മാതൃക വെക്കുക. |
| *തീത്തോസ് 3:1* | ദൈവജനം നന്മ ചെയ്യാൻ തയ്യാറാണ് |

/ 3

3. ***തീത്തോസ് 3: 8, 14* വായിക്കുക;**

A) ദൈവത്തിൽ വിശ്വസിക്കുന്നവർ എന്തൊക്കെ ചെയ്യാൻ ശ്രദ്ധിക്കണം?

B) *14 – ാം വാക്യത്തിൽ* പറഞ്ഞിരിക്കുന്ന ഇതിന്റെ രണ്ട് ഗുണങ്ങൾ എന്തൊക്കെയാണ്?

/ 4

4. ***റോമർ 16: 12,13;* നോക്കി ഉത്തരം എഴുതുക**

A) കർത്താവിനുവേണ്ടി പ്രവർത്തിച്ചതിന് പ്രശംസിക്കപ്പെട്ട മൂന്ന് സ്ത്രീകളുടെ പേര് പറയുക

B) ഒരു അമ്മയെപ്പോലെ പൗലോസിനോട് പ്രവർത്തിച്ചത് ആരാണ്?

/ 4

5. **മുറിവേറ്റ മനുഷ്യനുവേണ്ടി ശമരിയാക്കാരൻ ചെയ്ത നല്ല പ്രവൃത്തികൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക. *(ലൂക്കോസ് 10: 25–27)***

/ 4

6. **വിശ്വസിക്കാത്തവരിൽ നല്ല പ്രവൃത്തികൾക്ക് എന്ത് സ്വാധീനം ചെലുത്താനാകും? *1 പത്രോസ് 2 :12.***

/ 5

**ചിന്തിക്കുക:** വീട്ടിൽ, സ്കൂളിൽ, ജോലിസ്ഥലത്ത് അല്ലെങ്കിൽ നിങ്ങളുടെ സഭാ സമൂഹത്തിലോ അയൽപക്കത്തിലോ നല്ല പ്രവൃത്തികൾ ചെയ്യുവാൻ വേണ്ടി ദൈവം നിങ്ങളുടെ ജീവിതത്തിൽ എന്തൊക്കെ അവസരങ്ങളാണ് നൽകിയിട്ടുള്ളത് ? നിങ്ങൾ എന്തു ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്നറിയുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A10- ക്രിസ്തീയ ജീവിതം

### പാഠം 4 - ക്രിസ്ത്യാനി ഗൃഹവിചാരകനാണ്

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **ഇടത് ഭാഗത്തിലെ വാക്യങ്ങൾ വലത് ഭഗത്തുള്ള ബൈബിൾ റഫറൻസുകളുമായി വരകൾ ഉപയോഗിച്ച് ബന്ധിപ്പിക്കുക:**

a) ഭൂമിയിലുള്ളതെല്ലാം ദൈവത്തിന്റെതാണ്. *ഉൽപത്തി 1:28*

b) അവന്റെ സൃഷ്ടികൾ നാം ആസ്വദിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. *ഉൽപത്തി 2:15*

c) ദൈവം തന്റെ സൃഷ്ടിയുടെ മേൽ മനുഷ്യർക്ക് അധികാരം നൽകി. *യിരെമ്യാവ് 2: 7*

d) ദൈവം സൃഷ്ടിയെ നമ്മുടെ സംരക്ഷണത്തിനായി ഏൽപ്പിച്ചിരിക്കുന്നു. *സങ്കീർത്തനം 24:1*

/ 4

2. **താലന്തുകളുടെ ഉപമ വായിക്കുക (മത്തായി 25: 14–30).**

a) താഴെയുള്ള കോളങ്ങൾ പൂർത്തിയാക്കുക. ആദ്യ വരി ചെയ്തിട്ടുണ്ട്

| | എത്ര താലന്തുകൾ നൽകി | ദാസന്മാർ ഈ താലന്തുകൾ എന്ത് ചെയ്തു | യജമാനൻ വന്നപ്പോൾ എത്ര താലന്തുകൾ ലഭിച്ചു | എന്താണ് യജമാനൻ പറഞ്ഞത് |
|---|---|---|---|---|
| ഒന്നാമത്തെ ദാസൻ | 5 | വ്യാപാരം | 10 | നന്ന്! |
| രണ്ടാമത്തെ ദാസൻ | | | | |
| മൂന്നാമത്തെ ദാസൻ | | | | |

b)യജമാനൻ ആദ്യത്തെയും രണ്ടാമത്തെയും ദാസന്മാരിൽ സംതൃപ്തനായത് എന്തുകൊണ്ട്?

c) യജമാനൻ മൂന്നാമത്തെ ദാസനോട് ദേഷ്യപ്പെട്ടത് എന്തുകൊണ്ട്?

/ 10

3. ***1 പത്രോസ് 4: 10 – 11* വീണ്ടും വായിക്കുക:**

A) ദൈവം നമുക്കു നൽകിയ വരങ്ങൾ എങ്ങനെ ഉപയോഗിക്കണം?

B) ഈ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന രണ്ട് വരങ്ങൾ ഏതാണ്?

/ 3

4. ***2 കൊരിന്ത്യർ 9: 7* വായിച്ചതിനു ശേഷം നാം കൊടുക്കുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.**

/ 2

5. **താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ വായിക്കുകയും നമ്മുടെ ഈ കാലത്ത് നല്ല കാര്യ വിചാരകരായിരിക്കാൻ അവ നമ്മെ പഠിപ്പിക്കുന്നത് എന്താണെന്ന് ചുരുക്കമായി വിശദീകരിക്കുകയും ചെയ്യുക.**

a) *സഭാപ്രസംഗി 3: 1* ________

b) *എഫെസ്യർ 5: 15 – 16* ________

c) *സങ്കീർത്തനം 90:12* ________

/ 6

**ചിന്തിക്കുക:** എന്റെ കഴിവുകൾ, എന്റെ പണം, എന്റെ സമയം എന്നിവയുടെ ജ്ഞാനിയായ ഒരു ഗൃഹവിചാരകനാകുവാൻ ഞാൻ എന്റെ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് വരുത്തേണ്ടത്?

ആകെ മാർക്ക് / 25 ആകെ യൂണിറ്റ് മാർക്ക് / 100

© Bible Educational Services | Visit : www.besweb.com | 4/2023

# A10- ക്രിസ്തീയ ജീവിതം

## പാഠം 3 - സൽപ്രവർത്തികൾ

**വായനഭാഗം:**

**യാക്കോബ് 2:14–24; 3:13**

**താക്കോൽ വാക്യം:**

**"നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."**

2 എഫെസ്യർ 2:10

ഈ പഠനത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായ ഒരു വിഷയം ആയ ' നല്ലത് ചെയ്യുക ' അല്ലെങ്കിൽ ' നല്ല പ്രവൃത്തികൾ '. ചെയ്യുക. ബൈബിൾ സത്പ്രവൃത്തികളെ കുറിച്ച് എന്താണ് പറയുന്നതെന്ന് നമുക്ക് പരിശോധിക്കാം .

### 1. ആർക്കൊക്കെ സൽപ്രവൃത്തികൾ ചെയ്യുവാൻ കഴിയും?

'സൽപ്രവൃത്തികൾ' രക്ഷയുടെ മാർഗമല്ലെന്ന് തുടക്കത്തിൽ തന്നെ നാം വ്യക്തമായി മനസിലാക്കിയിരിക്കണം . ക്രിസ്ത്യാനികൾ എന്ന നിലയിൽ, നാം രക്ഷിക്കപ്പെടുന്നത് നമ്മുടെ സ്വന്തം ഗുണത്താലല്ല മറിച്ച് ദൈവകൃപയാലാണ്. ദൈവം നമ്മെ സ്നേഹിച്ചതിനേക്കാൾ കൂടുതൽ നാം ചെയ്യുന്ന യാതൊരു പ്രവൃത്തിക്കും നമ്മുടെ രക്ഷയ്ക്ക് വേണ്ടി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. നമ്മുടെ രക്ഷ ***'പ്രവൃത്തികളുടെ ഫലമല്ല'*** എന്ന് ***എഫെസ്യർ 2 : 8,9,10*** ൽ വിശദീകരിക്കുന്നു. രക്ഷയെ ഒരു ദാനമായി നമ്മൾ സ്വീകരിച്ചതിനാൽ, നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു. ( താക്കോൽ വാക്യം) ഇത് ആവേശകരവും നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ഒരു പുതിയ ലക്ഷ്യവും നൽകുന്നു! ദൈവം നമ്മെ ഓരോരുത്തരെയും രൂപകല്പന ചെയ്തിരിക്കുന്നതിനാൽ അവനുവേണ്ടി നമുക്ക് ചെയ്യുവാൻ കഴിയുന്ന പ്രത്യേക ജോലികൾ ഉണ്ട്.

ഈ ലക്ഷ്യത്തിനു പുറമെ, നന്മപ്രവൃത്തികൾ നമ്മുടെ വിശ്വാസത്തിന്റെ ദൃശ്യമായ തെളിവാണെന്ന് യാക്കോബ് വിശദീകരിക്കുന്നു. അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു. ബൈബിൾ വായന ഭാഗം വിശദീകരിക്കുന്നു! *(യാക്കോബ് 2:17 )*

### 2. നല്ല പ്രവൃത്തികൾ ആർക്കു വേണ്ടിയാണ്?

ഗിരിപ്രഭാഷണത്തിൽ യേശു സംസാരിച്ചത് ***' അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'.*** എന്നാണ് *(മത്തായി 5:16)* പൗലോസ് പറയുന്നു, ' ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക.' *(ഗലാത്യർ 6:10)* സൽപ്രവൃത്തികൾ മറ്റുള്ളവരെ സഹായിക്കുകയും അത് സാക്ഷ്യത്തിനുള്ള ഒരു മാർഗവുമാണ്, എന്നാൽ ആത്യന്തികമായി അത് ദൈവത്തിന് വേണ്ടി ചെയ്യുന്നതാണ് .

### 3. പിന്തുടരുവാൻ ഉദാഹരണങ്ങൾ ഉണ്ടോ?

ഏറ്റവും വലിയ ഉദാഹരണം കർത്താവായ യേശുവാണ്, അവൻ ***'നന്മ ചെയ്തും'*** *(പ്രവൃത്തികൾ 10:38)* മുമ്പത്തെ പഠനങ്ങളിൽ നാം അവന്റെ അനുയായികളാണെന്നും അവൻ ചെയ്തതുപോലെ ജീവിക്കാൻ ശ്രമിക്കണമെന്നും നാം ശ്രദ്ധിച്ചിരുന്നു. യോപ്പയിൽ താമസിച്ചിരുന്ന തബീഥാ എന്ന ക്രിസ്തീയ സഹോദരി ***'സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു.'*** അവളെ സംബന്ധിച്ചിടത്തോളം, വിധവകൾക്ക് വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ അവളുടെ കഴിവുകൾ ഉപയോഗിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. *(പ്രവൃത്തികൾ 9:36, 39)* അപ്പൊസ്തലനായ പൗലോസ് റോമർക്കുള്ള തന്റെ ലേഖനത്തിന്റെ അവസാനം ***'കർത്താവിൽ കഠിനാധ്വാനം ചെയ്ത്'*** അനേകം ക്രിസ്ത്യാനികളെ പരാമർശിക്കുന്നുണ്ട് *(റോമർ 16:12–13)* മറ്റൊരു ഉദാഹരണം ബർന്നബാസ് ആണ്, അവന്റെ പേര് ***'പ്രോത്സാഹന പുത്രൻ '*** എന്നാണ്. അവൻ ഒരു നല്ല മനുഷ്യൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നു, അവന്റെ വാക്കുകളും പ്രവൃത്തികളും കൊണ്ട് സഭയിലെ എല്ലാവരെയും കർത്താവിനോട് ചേർന്ന് നിൽപ്പാൻ തക്കവണ്ണം പ്രബോധിപ്പിച്ചു. *(പ്രവൃത്തികൾ 11: 23–24)*

### 4. നമ്മുടെ ഹൃദയത്തിലെ മനോഭാവം എന്തായിരിക്കണം?

യേശു പറഞ്ഞു, ***'മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ '*** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നല്ല പ്രവൃത്തികൾ മറ്റുള്ളവരുടെ മുൻപിൽ കാണിക്കാനുള്ളതല്ല! *(മത്തായി 6:1)* പൗലോസ് തീത്തോസിനു എഴുതിയപ്പോൾ, അവൻ നന്മ ചെയ്യാൻ ഉത്സുകരാണെന്നും നന്മ ചെയ്യാൻ തയ്യാറാണെന്നും നന്മ ചെയ്യുന്നതിൽ അർപ്പണബോധമുള്ളവനെന്നും പരാമർശിച്ചു.

തന്നെപ്പോലെ തന്നെ അയൽക്കാരനെയും സ്നേഹിച്ച് നന്മ ചെയ്ത ഒരു മനുഷ്യനെക്കുറിച്ചാണ് നല്ല ശമരിയാക്കാരന്റെ ഉപമ. *(ലൂക്കോസ് 10:25–37)* അവൻ തന്റെ സമയം ചെലവഴിച്ച് പരുക്കേറ്റ മനുഷ്യനോട് അനുകമ്പ കാണിക്കുകയും സഹായത്തിനായി തന്റെ വാഹനം ഉപയോഗിക്കാൻ തയ്യാറാവുകയും ചെയ്തു. സത്രത്തിലേക്ക് മടങ്ങിവരാമെന്നും ആ മനുഷ്യന്റെ വീണ്ടെടുപ്പ് ഉറപ്പാക്കാൻ കൂടുതൽ പണം നൽകാമെന്നും അദ്ദേഹം വാഗ്ദത്തം ചെയ്തുകൊണ്ട് നന്മ ചെയ്യുന്നതിൽ അർപ്പണബോധമുള്ളവനായിരുന്നു.

### 5. നമുക്ക് എന്തെല്ലാം അവസരങ്ങളുണ്ട്?

നമ്മളാൽ ചെയ്യുവാൻ കഴിയുന്നത് പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യണമെന്ന് നാം പ്രാർത്ഥിക്കേണ്ടതുണ്ട്. സഹായകരവും ചിന്താശീലവുമുള്ളവരായിരിയ്ക്കുന്നതിലൂടെ നമ്മുടെ സ്വന്തം കുടുംബങ്ങളിൽ നിന്ന് നല്ല പ്രവൃത്തികൾ ആരംഭിക്കുവാനാകും. പ്രായമായവരും ഒറ്റപ്പെട്ടവരും രോഗികളും, ഒരുപക്ഷേ നിങ്ങളുടെ സഭാ കൂട്ടായ്മയിൽ നിങ്ങൾക്ക് പ്രോത്സാഹനവും പ്രായോഗിക പിന്തുണയും നൽകാൻ കഴിയുന്ന വ്യക്തികളും ഉണ്ടായിരിക്കാം. നാം ദരിദ്രരെ സഹായിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു, അങ്ങനെ ചെയ്യുന്നവർക്ക് പ്രതിഫലം വാഗ്ദാനം ചെയ്യുന്നു. *(സദൃശവാക്യങ്ങൾ 19:17)* ക്രിസ്ത്യാനികൾക്ക് സ്നേഹവും കരുതലും പ്രകടമാക്കാൻ നിരവധി മാർഗങ്ങളുണ്ട് പലവിധ പ്രതിസന്ധികളിലുള്ളവരെ സഹായിക്കുക , സംഭാവനവകൾ നൽകുക അങ്ങനെ നിരവധി കാര്യങ്ങൾ ചെയ്യുവാൻ കഴിയും .

പ്രശസ്ത പ്രഭാഷകനായ ജോൺ വെസ്ലിയുടെ ഉദ്ധരണി ദൈവം നമുക്കായി നൽകിയിരിക്കുന്ന നിരവധി അവസരങ്ങളെക്കുറിച്ച് ചിന്തിക്കാൻ നമ്മെ സഹായിക്കുന്നു, അതുവഴി അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ കഴിയും.

നിങ്ങൾക്ക് കഴിയുന്ന എല്ലാ നല്ല കാര്യങ്ങളും,
നിങ്ങൾക്ക് കഴിയുന്ന എല്ലാ അർത്ഥത്തിലും ,
നിങ്ങൾക്ക് കഴിയുന്ന എല്ലാ വഴികളിലൂടെയും,
നിങ്ങൾക്ക് കഴിയുന്ന എല്ലാ സ്ഥലങ്ങളിലും,
നിങ്ങൾക്ക് കഴിയുന്ന എല്ലാ സമയത്തും,
നിങ്ങൾക്ക് കഴിയുന്ന എല്ലാ ആളുകളോടും,
നിങ്ങൾക്ക് കഴിയുന്നിടത്തോളം ചെയ്യുക .'

**–ജോൺ വെസ്ലി**



**ക്രിസ്തീയ ജീവിതം എന്ന പാഠത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ഇത് അഞ്ചാമത്തേത്.**

ബൈബിൾ ടൈം
സമഗ്ര പഠനം

bes bible educational services

# A10- ക്രിസ്തീയ ജീവിതം

## പാഠം 4 - ക്രിസ്ത്യാനി ഗൃഹവിചാരകനാണ്

വായനഭാഗം:

**മത്തായി 25:14–30**

താക്കോൽ വാക്യം:

***"ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ."***

1 കൊരിന്ത്യർ 4:2

ഒരു ഫ്ലൈറ്റ് അറ്റൻഡന്റിനെ അല്ലെങ്കിൽ ഒരു കപ്പലിൽ ജോലി ചെയ്യുന്ന വ്യക്തിയെ വിശേഷിപ്പിക്കാൻ 'കാര്യസ്ഥൻ' എന്ന വാക്ക് ഉപയോഗിക്കുന്നത് നിങ്ങൾ കേട്ടിരിക്കാം. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന കാര്യസ്ഥന്മാർ ഇന്നത്തെ ലോകത്തിൽ പലപ്പോഴും 'മാനേജർമാരെ' പോലെയായിരുന്നു. മറ്റൊരാളുടെ പേരിൽ എന്തെങ്കിലും പരിപാലിക്കാനുള്ള ഉത്തരവാദിത്വവും അധികാരവും ഏൽപ്പിക്കപ്പെട്ട ഒരാളാണ് മാനേജർ അല്ലെങ്കിൽ കാര്യസ്ഥൻ. അവൻ ഉടമയ്ക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത് അതുപോലെ തന്നെയാണ് ഒരു ദാസനും.

നമ്മുടെ ബൈബിളിന്റെ തുടക്കത്തിൽ തന്നെ കാര്യസ്ഥൻ എന്ന ആശയം നാം കാണുന്നു. ***'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു'*** എന്ന് ***ഉല്പത്തി 1:1*** നമ്മോട് പറയുന്നു. സ്രഷ്ടാവ് എന്ന നിലയിൽ, ദൈവം എല്ലാറ്റിന്റെയും ഉടമയാണ്, എന്നിരുന്നാലും, അവൻ ഭൂമിയുടെ മേൽ മനുഷ്യർക്ക് അധികാരം നൽകി. *(ഉല്പത്തി 1: 26–28)* ആദാമിനെ ഏദൻ തോട്ടത്തിൽ ***'വേല ചെയ്‌വാനും അതിനെ കാപ്പാനും ആക്കി'*** *(ഉല്പത്തി 2:15)* അവൻ 'എല്ലാ കന്നുകാലികൾക്കും പേരുകൾ നൽകി...' *(ഉല്പത്തി 2:20)*. ചുരുക്കത്തിൽ, ആദം ദൈവത്തിന്റെ സൃഷ്ടിയെ കാക്കുകയോ ***'ഒരു കാര്യസ്ഥനാവുകയോ'*** ചെയ്യുക ആയിരുന്നു.

ഈ വാക്യങ്ങളിൽ നിന്ന് ദൈവം ലോകത്തെ സൃഷ്ടിച്ചത് മനുഷ്യരാശിക്ക് വേണ്ടിയാണെന്നും നമ്മൾ അവന്റെ സൃഷ്ടിയുടെ കാര്യസ്ഥന്മാരാണെന്നും നാം മനസ്സിലാക്കുന്നു. ഇതിനർത്ഥം ഈ ലോകത്തെ പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. നാം ഈ ഉത്തരവാദിത്തം സ്വീകരിക്കുകയും ദൈവത്തിന്റെ സൃഷ്ടിയെ വിലമതിക്കുകയും നമ്മുടെ പരിസ്ഥിതിയെയും അതിൽ വസിക്കുന്നവരെയും പരിപാലിക്കുകയും വേണം .

ക്രിസ്ത്യാനികൾ എന്ന നിലയിൽ, നാം അവന്റെ സൃഷ്ടിയുടെ പരിപാലകരാകാൻ മാത്രമല്ല, അവൻ നമ്മെ ഏൽപ്പിച്ചിരിക്കുന്ന എല്ലാ വിഭവങ്ങളുടെയും നല്ല കാര്യസ്ഥന്മാരാകാനും ദൈവം ആഗ്രഹിക്കുന്നു. *(മത്തായി 25:14–30)* ൽ താലന്തി ന്റെ ഉപമയിൽ, നല്ല ദാസന്റെ ഗുണങ്ങളെ യേശു എടുത്തു കാണിക്കുന്നു. മൂന്ന് ദാസന്മാർക്ക് ഓരോരുത്തർക്കും യജമാനന് വേണ്ടി മാനേജ് ചെയ്യാൻ പണം കൊടുത്തു . ആദ്യത്തെ രണ്ട് ദാസന്മാർ അവരുടെ താലന്തുകൾ നിക്ഷേപിക്കുകയും അവർക്ക് ലഭിച്ചതിനെ ഇരട്ടിയാകുകയും ചെയ്തു . ഓരോരുത്തരോടും യജമാനൻ പറഞ്ഞത്, ***'നന്നായി, നല്ലവനും വിശ്വസ്തനുമായ ദാസനേ'*** നേരെമറിച്ച്, മൂന്നാമത്തെ ദാസൻ, ഒരു കുഴി കുഴിച്ച്, ദ്രവ്യം മറച്ച് വെച്ചു , യജമാനൻ കൊടുത്ത ദ്രവ്യം ശരിയായി ഉപയോഗിക്കാതെ അവൻ അത് അവഗണിച്ചു . യജമാനൻ തിരികെ വന്നപ്പോൾ, ഈ ദാസൻ അത് കുഴിച്ചെടുത്ത് യജമാനൻ നൽകിയ ദ്രവ്യം മാത്രം തിരികെ നൽകി . അതിനാൽ ഈ ഉപമയിൽ നിന്ന് നല്ല കാര്യസ്ഥന്മാർ ഉത്സാഹമുള്ളവരും കഠിനാധ്വാനികളുമാണെന്ന് നാം മനസ്സിലാക്കുന്നു, അവർ ദൈവം നൽകിയ വരങ്ങൾ വളരെ അധികം പ്രയോജനപ്പെടുത്തുകയും ചെയ്തു .

നല്ല കാര്യസ്ഥന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ജീവിതത്തിന്റെ മൂന്ന് മേഖലകളാണ് നമ്മൾ ഇനി പരിഗണിക്കാൻ പോകുന്നത്.

### 1. ദൈവ കൃപയുടെ ഗൃഹവിചാരകൻ

ഓരോ ക്രിസ്ത്യാനിക്കും ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ വേണ്ടി ഉപയോഗിക്കാനുള്ള ഒരു സമ്മാനം അല്ലെങ്കിൽ വരം എങ്കിലും നൽകിയിട്ടുണ്ടെന്ന് ബൈബിൾ നമ്മോട് പറയുന്നു. *1 പത്രോസ് 4: 10–11*ൽ നാം വായിക്കുന്നത് ***'ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ, ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ.......'***

### 2. ധനത്തിന്റെ ഗൃഹവിചാരകൻ

നമ്മുടെ ധനം ദൈവത്തിന്റേതാണ്, അത് നമ്മുടെ ഇഷ്ടം പോലെ ഉപയോഗിക്കുവാനുള്ളതല്ല, അത് വിവേകത്തോടെ കൈകാര്യം ചെയ്യുന്ന ഒരു നല്ല കാര്യസ്ഥന്മാരാകണം. (നൽകുന്നതിനെക്കുറിച്ചുള്ള A8 പഠനം 4 കാണുക) ഒരു ഗൃഹവിചാരകൻ എന്ന നിലയിലുള്ള നമ്മുടെ മനോഭാവം പ്രധാനമാണ്: ***'അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബ്ബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.'*** *(2 കൊരിന്ത്യർ 9:7)*



### 3. സമയത്തിന്റെ ഗൃഹവിചാരകൻ

നമ്മുടെ പക്കലുള്ള ഏറ്റവും വിലപ്പെട്ട മാർഗങ്ങളിൽ ഒന്നാണ് സമയം, നമ്മുടെ സമയം നന്നായി കൈകാര്യം ചെയ്യേണ്ടത് എത്ര പ്രധാനമാണെന്ന് നാം അറിഞ്ഞിരിക്കണം. നാം അറിയാതെ തന്നെ സമയം നമ്മിൽ നിന്ന് എളുപ്പത്തിൽ അകന്നു പോകുന്നതാണ്. ദൈവം സമയം എന്ന ഈ സമ്മാനം നമുക്ക് നൽകിയിട്ടുണ്ട്, നാം ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് അത് വിവേകത്തോടെ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഇത് അർത്ഥമാക്കുന്നത് ഓരോ ദിവസവും നാം എങ്ങനെ സമയം ചെലവഴിക്കുന്നു എന്നതിനെ കുറിച്ച് നമ്മൾ തീരുമാനിക്കണം എന്നാണ്. നമ്മുടെ സമയം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും നമ്മുടെ സമയം തക്കത്തിൽ ഉപയോഗിക്കാനും ഓരോ മണിക്കൂറും നാം എങ്ങനെ ചെലവഴിക്കുന്നു എന്നതിനെക്കുറിച്ച് ലക്ഷ്യബോധമുള്ളവരായിരിക്കാനും നമ്മെ സഹായിക്കുന്ന നിരവധി ബൈബിൾ വാക്യങ്ങളുണ്ട്. ***(എഫെസ്യർ 5: 15–16, കൊലൊസ്സ്യർ 4: 5 കാണുക)***

താലന്തിന്റെ ഉപമയും കർത്താവായ യേശു മടങ്ങിവരുമെന്നും നമ്മെ ഏൽപ്പിച്ച ജോലി ചെയ്യാനുണ്ടെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. നാം ഈ ഭൂമിയിൽ ജീവിക്കുന്നത് ഒരു ചെറിയ കാലയളവാണ്, നമ്മുടെ സ്വർഗീയ യജമാനനായ യേശുവിന് അവൻ നമ്മെ ഏൽപ്പിച്ച നമ്മുടെ കഴിവുകളും പണവും സമയവും മറ്റെല്ലാ കാര്യങ്ങളും എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ കണക്ക് ബോധിപ്പിക്കേണ്ടിവരും.

**ക്രിസ്തീയ ജീവിതം എന്ന പാഠത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ഇത് അഞ്ചാമത്തേത്.**

© Bible Educational Services | Visit : www.besweb.com | 4/2023